**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഭവനരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട എത്രപേർക്ക് നിലവിൽ സ്വന്തമായി സ്ഥലമോ, വീടോ ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | പട്ടികജാതിയിൽപ്പെട്ട 46082 പേർക്ക് ഭൂമിയില്ലെന്നും 34469 പേർക്ക് ഭവനമില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 7622 പട്ടികവർഗ്ഗക്കാർ ഭൂരഹിതരായും 12635 പട്ടികവർഗ്ഗക്കാർ ഭവനരഹിതരായും കണക്കാക്കിയിട്ടുണ്ട്. |
| (ബി) | അവർക്ക് സ്വന്തമായി വീടും സ്ഥലവും നൽകുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതി എന്താണ്. അതിലൂടെ എത്രപേർക്ക് ആനുകൂല്യം ലഭിച്ചു; വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തതും 50,000 രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പു മുഖേന 4 ലക്ഷം രൂപ ഭവന നിർമ്മാണത്തിനു ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2016-17 -ൽ 14906 ഭവനത്തിനും 2017-18 ൽ 8895 ഭവനവും 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന വാസയോഗ്യമല്ലാത്ത 170 വീടുകൾ പുനർനിർമ്മിക്കാനും ആകെ 23971 പേർക്ക് ധനസഹായം നൽകി. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 3847 ഭവനം പൂർത്തീകരിക്കുകയും രണ്ടാം ഘട്ടത്തിൽ 13019 വീടുകളുടെയും മൂന്നാം ഘട്ടത്തിൽ 2932 വീടുകളുടെയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വാസയോഗ്യമായ ഭവനം നിർമ്മിക്കാൻ ഭൂമിയില്ലാത്ത 50,0000 രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്തിൽ 3.75 ലക്ഷവും മുനിസിപ്പൽ പ്രദേശത്ത് 4.5 ലക്ഷവും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷവും ധനസഹായം അനുവദിക്കുന്നു. 2016-17 സാമ്പത്തിക വർഷം 17564.65 ലക്ഷം രൂപ |

ചെലവഴിച്ച് 4468ഗുണഭോക്താക്കൾക്കും 2017-18 ൽ 17950.51 ലക്ഷം രൂപ ചെലവഴിച്ച് 4600 ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. 2018-19 വർഷം 15555.15 ലക്ഷം രൂപ ചെലവഴിച്ച് 3887 ഗുണഭോക്താക്കൾക്കും 2019-20 വർഷം 14470.31 ലക്ഷം രൂപ ചെലവഴിച്ച് 4225 പേർക്കും ഭൂമിയുടെ ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം ഡിസംബർ 31 വരെയായി 5973.60 രൂപ ചെലവഴിച്ച് 1460 ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി ആരംഭിച്ചു. ഇതുവരെ 35 ഗുണഭോക്താക്കൾക്ക് 5.55 ഏക്കർ ഭൂമി വിലയ്ക്കു വാങ്ങി ലാന്റ് ബാങ്ക് പദ്ധതി മുഖേന നൽകിയിട്ടുണ്ട്. കോട്ടയം, എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി 46.07 ഏക്കർ ഭൂമി ജില്ലാ കളക്ടർമാരുടെ പേരിൽ ലാന്റ് ബാങ്കായി സൂക്ഷിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ മുഖേന സ്വീകരിച്ചു വരുന്നു. ഭവന രഹിതരായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ലൈഫ് മിഷൻ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ലൈഫ് മിഷന്റെ ഒന്നാം ഘട്ടം പദ്ധതിയിലുൾപ്പെടുത്തി 11306 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചു വരുന്നു. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതരായവർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണമെന്ന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വെ പ്രകാരം 6058 പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ നിലവിൽ 3405 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുമുണ്ട്. ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന 16072 പട്ടികവർഗ്ഗക്കാരെ വകുപ്പ് മുഖേന നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ആയതിൽ പരിശോധന നടത്തിയ 12636 പേരിൽ 8062 പേർ അർഹരാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ

| | | | |
|---|---|---|---|
| | | | മൂന്നാംഘട്ട പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വെയുടെയും, ഊരുകൂട്ടത്തിന്റെയും കണക്കു പ്രകാരം ഭൂരഹിതരായ 8086 പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ മുഖേന ഭൂമിയും, വീടും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 6709 വീടുകൾ വിവിധ പദ്ധതികളിൽപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ആയതിൽ നാളിതുവരെ 1583 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ